**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4396 — 13.11.2019-ൽ മറുപടിക്ക്

## ആറളം ആദിവാസി പുനരധിവാസ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ് :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ആറളം ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം എത്ര ഏക്കർ ഭൂമി ഇതിനകം വിതരണം ചെയ്തെന്ന് അറിയിക്കാമോ; | എ) | ആറളം ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം ടി മേഖലയിലെ 3367 ഏക്കർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബ ങ്ങൾക്കാണ് ഇതിനകം പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാക്കാമോ; ഭൂമി ലഭ്യമായ എല്ലാ കുടുംബങ്ങളും അവിടെ താമസിക്കുന്നുണ്ടോയെന്ന് വെളിപ്പെടു ത്താമോ ; | ബി) | ആകെ 3375 കുടുംബങ്ങൾക്കാണ് ഭൂമി അനുവദിച്ചിട്ടുള്ള തെങ്കിലും ആയവരിൽ 1510 കുടുംബങ്ങൾ മാത്രമാണ് സ്ഥിരമായി താമസിക്കുന്നത്. |
| സി) | പട്ടയം നൽകിയിട്ടും താമസിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഭൂമി തിരിച്ചെടുത്ത് അർഹതപ്പെട്ട വർക്ക് വിതരണം ചെയ്യുന്ന കാര്യം ആലോചിക്കുമോയെന്ന് വ്യക്തമാക്കാമോ? | സി) | 1865 കുടുംബങ്ങൾ താമസമില്ല. താമസിക്കാത്ത കുടുംബങ്ങളുടെ പ്ലോട്ടുകൾ പരിശോധിച്ച് കൈവശരേഖ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം തന്നെ ഇപ്രകാരം റദ്ദ് ചെയ്ത് ഒഴിവ് വരുന്ന പ്ലോട്ടുകൾ വിതരണം ചെയ്യുന്നതിനായി ഭൂരഹിതരായ ആദിവാസി കുടുംബങ്ങളിൽ നിന്നും അപേക്ഷ സ്വീകരിക്കുകയും ആയത് ഊരുകൂട്ടം മുൻപാകെ അവതരിപ്പിച്ച് അർഹത പരിശോധിക്കുന്ന തിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**